II ഇ.ബി. XV- കേരള നിയമസഭ/V-2

# പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2022 ജൂൺ 28, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

2(*31) <u>കാർഷിക വിപണിയെ ശക്തിപ്പെടുത്താൻ സഹകരണ മേഖലയിലെ പദ്ധതികൾ</u>

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഗ്രാമീണ കർഷകരെ സഹായിക്കാനും കാർഷിക വിപണിക്ക് പിന്തുണ നൽകാനും കാർഷിക, കാർഷിക അനുബന്ധ മേഖലകളുടെ മത്സരക്ഷമതയും പ്രവർത്തനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി "സാങ്കേതികവിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി" 2022-23 സാമ്പത്തികവർഷം സഹകരണ മേഖലയിൽ ആവിഷ്കരിച്ചിട്ടുണ്ടെന്നും ഇടനിലക്കാരെ ഒഴിവാക്കി കാർഷികോല്പന്നങ്ങൾ

നേരിട്ട് വിപണിയിലെത്തിച്ച് ന്യായവിലയും കർഷകർക്ക് സ്ഥിരവരുമാനവും ഉറപ്പുവരുത്തുന്നതിനും ലക്ഷ്യമിടുന്ന ഈ പദ്ധതി, സമഗ്ര കാർഷിക വികസന പദ്ധതി, കാർഷിക വായ്പാ സൗകര്യങ്ങൾ ശക്തിപ്പെടുത്തൽ, കാർഷികോല്പാദനം, കാർഷികോല്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ സുഗമമാക്കൽ, ഗ്രാമീൺ മാർക്കറ്റുകൾ/പച്ചക്കറി ശേഖരണ കേന്ദ്രങ്ങൾ എന്നിവയെ പ്രോത്സാഹിപ്പിക്കൽ, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹകരണ സംരംഭകത്വം, സ്റ്റാർട്ടപ്പുകൾ എന്നിവയ്ക്ക് പ്രോത്സാഹനം, കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തൽ, കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കർഷക സേവന കേന്ദ്രം (എഫ്.എസ്.സി) ശക്തിപ്പെടുത്തൽ എന്നീ 7 ഉപഘടകങ്ങളിലൂടെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. മത്സ്യബന്ധനം, മൃഗസംരക്ഷണം തുടങ്ങിയ കാർഷിക അനുബന്ധ മേഖലകളെ പരിപോഷിപ്പിച്ച് സഹകരണ മേഖലയുടെ സഹായത്തോടെ സംസ്ഥാനത്ത് കാർഷിക വികസന മുന്നേറ്റമുണ്ടാക്കുന്നതിനും ഭക്ഷ്യസ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി തെരഞ്ഞെടുത്ത 7 ജില്ലകളിൽ ഈ സാമ്പത്തിക വർഷവും

അഞ്ചുവർഷത്തിനകം മുഴുവൻ ജില്ലകളിലും ടി പദ്ധതി നടപ്പാക്കുന്നതാണെന്നും എട്ട് ജില്ലകളിൽനിന്നായി 15 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളെ പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്തിട്ടുണ്ടെന്നും പദ്ധതിയുടെ നിർവ്വഹണ പുരോഗതി ഗവൺമെന്റ് തലത്തിൽ അവലോകനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സഹകരണ മേഖലയിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ഒരു കുടക്കീഴിൽ വിപണനം ചെയ്യുകയെന്ന ഉദ്ദേശ്യത്തോടെ ജില്ലകൾതോറും കോ-ഓപ്പ് മാർട്ട് (CoopMart) ആരംഭിച്ചിട്ടുണ്ടെന്നും പഞ്ചായത്തുതലത്തിൽ സഹകരണ സംഘത്തിന്റെ നേതൃത്വത്തിൽ സ്ഥിരം വിപണനകേന്ദ്രം ആരംഭിക്കുന്നതിന് കൃഷിവകുപ്പുമായി യോജിച്ച് നടപടികൾ സ്വീകരിച്ചുവരുന്നതായും സഹകരണ മേഖലയിൽ രജിസ്റ്റർ ചെയ്ത 30 യുവജന സംഘങ്ങളിൽ 12 എണ്ണം പ്രവർത്തനമാരംഭിച്ചതായും കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ മൂന്ന് സഹകരണ സംഘങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ടെന്നും ഈ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് കൂടുതൽ നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. കൃഷി ആവശ്യത്തിനായി കുടുംബശ്രീ/അയൽക്കൂട്ടങ്ങൾക്ക് 'മുറ്റത്തെ മുല്ല' പദ്ധതിയിലൂടെ സഹകരണ

ബാങ്കുകളിൽനിന്ന് കുറഞ്ഞ പലിശയ്ക്ക് 10 ലക്ഷം രൂപവരെ വായ്പ ലഭ്യമാക്കുകയും പ്രോജക്ടുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പലിശരഹിത കാർഷിക വായ്പകൾ നൽകുന്ന സഹകരണ സംഘങ്ങൾക്ക് നബാർഡും ഗവൺമെന്റും ലഭ്യമാക്കുന്ന പലിശ സബ്സിഡി കൃത്യമായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിലൂടെ നൽകുന്ന തുക 5 ലക്ഷമായി ഉയർത്താൻ നിയമഭേഗതി കൊണ്ടുവരുമെന്നും നെൽകർഷകരെ സഹായിക്കുന്നതിനായി പാലക്കാടും കോട്ടയത്തും നെല്ല് സംഭരണ-സംസ്കരണ-വിപണന സംഘങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചതായും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

3(*32) <u>സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി</u>

ധനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടിപട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ, അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ മൊത്തം കടബാദ്ധ്യത 3,32,291 കോടി രൂപയാണെന്നും പ്രകൃതി ദുരന്തങ്ങളും കോവിഡ് 19 മൂലമുള്ള പ്രതിസന്ധികളുമുണ്ടായിട്ടും മൊത്തം ബാദ്ധ്യതയുടെ വളർച്ച 88.66

ശതമാനമായി പരിമിതപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടെന്നും നികുതി പിരിവ് ഊർജ്ജിതമാക്കൽ, ചെലവുകളിൽ മിതത്വം പാലിക്കൽ, ധൂർത്ത് അവസാനിപ്പിക്കൽ, നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിക്കൽ തുടങ്ങിയ ധനദൃഢീകരണ പ്രക്രിയകളിലൂടെ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമെന്നും Debt/GSDP അനുപാതം 2024-25 ആകുമ്പോഴേയ്ക്കും 35.7 % ആകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും സഭയെ അറിയിച്ചു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ആഭ്യന്തര ഉല്പാദനം ഗണ്യമായി കുറഞ്ഞതും സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി ജി.എസ്.ഡി.പി.-യുടെ 5% ആയി വർദ്ധിപ്പിച്ചതും വാർഷിക കേന്ദ്ര നികുതി വിഹിതം കുറച്ചതും കോവിഡ് പശ്ചാത്തലത്തിൽ ആരോഗ്യ, സാമൂഹ്യസുരക്ഷാ മേഖലകളിൽ നടത്തിയ അധിക ചെലവുകളും സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും പെൻഷൻകാർക്കും ശമ്പള/പെൻഷൻ പരിഷ്കരണം നടപ്പിലാക്കിയതും Debt/GSDP - ധനകമ്മി/GSDP അനുപാതം മുൻവർഷങ്ങളെ അപേക്ഷിച്ച് ഉയരുന്നതിന് കാരണമായിട്ടുണ്ട്.

ഉയർന്ന തോതിലുള്ള പണപ്പെരുപ്പവും 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരമുള്ള റവന്യൂ കമ്മി ഗ്രാന്റ് വർഷാവർഷം കുറഞ്ഞുവരുന്നതും ജി.എസ്.ടി. നഷ്ടപരിഹാരം ലഭ്യമാകുന്നതിലുള്ള അനിശ്ചിതാവസ്ഥയും

സർക്കാരിന്റെ ധനദൃഢീകരണ പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുമെന്ന് ആശങ്കയുണ്ടെന്നും സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ജി.എസ്.ടി. കൗൺസിൽ യോഗത്തിൽ ആവശ്യപ്പെടുമെന്നും മന്ത്രി വ്യക്തമാക്കി. സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും വികസന-ക്ഷേമ പ്രവർത്തനങ്ങൾ ശക്തമാക്കുമെന്നും ധന ഉത്തരവാദിത്വ നിയമത്തിന് വിധേയമായും അനുവദനീയമായ പരിധിക്കുള്ളിൽനിന്നുകൊണ്ടുമാണ് സംസ്ഥാനം കടമെടുക്കുന്നതെന്നും സാമ്പത്തിക സ്ഥിതി സംബന്ധിച്ച ധവളപത്രം പുറത്തിറക്കേണ്ട സാഹചര്യം നിലവിലില്ലെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

4(*33) <u>സഹകരണ ബാങ്ക് ക്രമക്കേടുകൾ തടയാൻ നടപടി</u>

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് സഹകരണ ബാങ്കിംഗ് മേഖലയിൽ ക്രമക്കേടുകൾ നടന്നതായി വകുപ്പുതല അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടെന്നും കണ്ടല സർവ്വീസ് സഹകരണ ബാങ്ക് ക്രമക്കേടുകൾ സംബന്ധിച്ച അന്വേഷണ റിപ്പോർട്ടിലെ

കണ്ടെത്തലുകളിന്മേൽ തൃപ്തികരമായ വിശദീകരണം സമർപ്പിക്കാൻ സംഘത്തിന് കഴിയാത്ത സാഹചര്യത്തിൽ ഭരണസമിതി പിരിച്ചുവിടാതിരിക്കാൻ കാരണമുണ്ടെങ്കിൽ നേരിട്ട് ബോധ്യപ്പെടുത്തുവാൻ സമയം അനുവദിച്ച് നോട്ടീസ് നൽകിയിട്ടുണ്ടെന്നും ടി വിഷയത്തിൽ കാലതാമസമില്ലാതെ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സി & എ. ജി. ഓഫീസിലെ ഡെപ്യൂട്ടി സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥയുടെ നേതൃത്വത്തിൽ ഓഡിറ്റ് വിംഗ് ശക്തിപ്പെടുത്തിയിട്ടുണ്ടെന്നും ക്രമക്കേടുകൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ സമഗ്ര നിയമഭേദഗതി കൊണ്ടുവരുമെന്നും ഇതുസംബന്ധിച്ച കരട് തയ്യാറായിട്ടുണ്ടെന്നും വ്യക്തമാക്കി. നിക്ഷേപ സമാഹരണത്തിലൂടെ 7253 കോടി രൂപ സമാഹരിക്കാൻ കഴിഞ്ഞത് സഹകരണ മേഖലയുടെ സ്വീകാര്യതയും വിശ്വാസ്യതയുമാണ് സൂചിപ്പിക്കുന്നതെന്നും സഹകരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങൾ വിപുലമാണെന്നും അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സ്റ്റെബിലൈസേഷൻ ഫണ്ട് വകമാറ്റി ചെലവഴിക്കണമെങ്കിൽ നിയമഭഗതി ആവശ്യമാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി അറിയിച്ചു.

5(*34) <u>സഹകരണ സംഘങ്ങളിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി</u>

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, ആദായ നികുതി നിയമപ്രകാരം സംഘങ്ങളിൽ നിന്നും നികുതി ഈടാക്കാത്തതിനാൽ സംസ്ഥാന സഹകരണ ബാങ്കിന് ഭീമമായ തുക സാമ്പത്തിക ബാധ്യത ചുമത്തിയ വിഷയത്തിൽ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങൾക്ക് പരിരക്ഷ ലഭിക്കുന്നതിനായി കേന്ദ്ര സർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടെന്നും നിലവിൽ ആദായ നികുതി വകുപ്പിൽ നിന്നുമുണ്ടാകുന്ന ഡിമാന്റിന്മേൽ കോടതി മുഖേന നിയമ പരിരക്ഷ നേടുന്നതിന് സഹകരണ സംഘങ്ങൾ നടപടി സ്വീകരിച്ചുവരികയാണെന്നും കേരളാ ബാങ്കിലും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പാക്കുമ്പോൾ പെൻഷൻ വിതരണത്തിലുള്ള പ്രതിസന്ധിക്ക് ശാശ്വത പരിഹാരമുണ്ടാകുമെന്നും സഭയെ അറിയിച്ചു. സാമൂഹ്യക്ഷേമ പെൻഷൻ വിതരണം ചെയ്യുന്ന സംഘങ്ങൾക്ക് നിലവിൽ ഇൻസെന്റീവ് നൽകുന്നുണ്ടെന്ന് ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

6(*35) <u>കാർബൺ ന്യൂട്രൽ ഗവേണൻസ് പദ്ധതി</u>

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ കാർബൺ ന്യൂട്രൽ ആക്കുന്നതിനുള്ള കർമ്മ പദ്ധതി തയ്യാറാക്കുന്നതിനായി വർക്കിംഗ് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ടെന്നും ഹരിതഗൃഹ വാതകങ്ങളുടെ ബഹിർഗമനം കുറയ്ക്കുന്നതിനുതകുന്ന കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് സമർപ്പിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകളോട് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ അനെർട്ട്, എനർജി മാനേജ്മെന്റ് സെന്റർ എന്നീ ഏജൻസികളും ട്രാൻസ്പോർട്ട് കമ്മീഷണറേറ്റും പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റും കർമ്മപദ്ധതികൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കാർബൺ ന്യൂട്രൽ ഗവേണൻസ് പദ്ധതിയുടെ ഭാഗമായി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ പ്രയോജനപ്പെടുത്തി വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനും ഫോസിൽ ഇന്ധന ഉപയോഗം കുറയ്ക്കുന്നതിനും അനെർട്ട് മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വീടുകളിലും സ്ഥാപനങ്ങളിലും സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്ന 'സൗര' പദ്ധതിയും സർക്കാർ വകുപ്പുകളിൽ ലീസ് വ്യവസ്ഥയിൽ ഇലക്ട്രിക് കാറുകൾ നൽകുന്നതിനുള്ള പദ്ധതിയും കാറ്റിൽ നിന്നും വൈദ്യുതി

ഉത്പാദിപ്പിക്കുന്നതിനായി സ്വകാര്യ പങ്കാളിത്തത്തോടെ കാറ്റാടി പാടങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികളുംപി.എം.കുസും പദ്ധതി വ്യാപകമാക്കാനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. സ്വകാര്യ പങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന റെസ്കോ (RESCO) മോഡൽ സംസ്ഥാനത്ത് വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതായും വ്യക്തമാക്കി. ഇലക്ട്രിക് കാറുകളുടെ ചാർജ്ജിംഗ് സ്റ്റേഷനുകളിൽ സ്ഥല ലഭ്യതയുള്ളിടത്ത് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് അനെർട്ട് മുഖേന സബ്സിഡി നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും ജലവൈദ്യുത പദ്ധതികൾക്കും സൗരോർജ്ജ നിലയങ്ങൾക്കും മുൻഗണന നൽകിവരുന്നുണ്ടെന്നും ഗോ-ഇലക്ട്രിക് ക്യാമ്പയിന്റെ ഭാഗമായി വ്യാപക പ്രചരണ പരിപാടികൾ എനർജി മാനേജ്മെന്റ് സെന്റർ സംഘടിപ്പിച്ചിട്ടുണ്ടെന്നും സർക്കാർ സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തുന്നതിന് എനർജി മാനേജ്മെന്റ് സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഹരിത ഊർജ്ജ ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും 'കേരള ഗ്രീൻ എനർജി മിഷൻ' ലക്ഷ്യമിടുന്നതായും മന്ത്രി വ്യക്തമാക്കി.